പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3277** **29. 01. 2014** - ലെ മറുപടി

<u>ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമ സഹായം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) തന്റേതല്ലാത്ത കാരണത്താലും ചെറിയ കുറ്റകൃത്യങ്ങൾക്കും ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകി അവരുടെ മോചനം സാധ്യമാക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC) എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) • ഗൾഫിലെ വിവിധ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ മലയാളി തടവുകാർക്ക് അതത് രാജ്യത്തെ ഇന്ത്യൻ എംബസികളുടെ സഹായത്തോടെ നിയമോപദേശം നൽകുക, കേസ് ഫയൽ ചെയ്യാനും അപ്പീൽ നൽകാനും സഹായിക്കുക, അവശ്യമുള്ള സാഹചര്യത്തിൽ വക്കീലൻമാരുടെ സേവനം ലഭ്യമാക്കുക എന്നീ നടപടികളിലൂടെ തടവുകാരുടെ മോചനം വേഗത്തിൽ സാധ്യമാക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.<br>• വിവിധ കാരണങ്ങളാൽ എംബസിയിൽ അഭയം തേടേണ്ടിവരുന്ന പ്രവാസി മലയാളി സ്ത്രീകളെ വിദേശരാജ്യങ്ങളിലെ വിവിധ ഭാഗങ്ങളിൽ നിന്ന് എംബസിയിൽ എത്തിക്കുന്നതിനാവശ്യമായ വാഹനച്ചെലവുകൾ അംഗീകൃത പ്രവാസി മലയാളി അസോസിയേഷനുകൾ , സാമൂഹ്യ പ്രവർത്തകർ, ഇന്ത്യൻ എംബസി എന്നിവരുടെ സഹായത്തോടെ വഹിക്കുന്നതിന് ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.<br>• കോടതി വിധിക്കുന്ന ദിയാ (ബ്ലഡ് മണി) നൽകുന്നതിനോ കോടതി ഉത്തരവിലൂടെയുണ്ടാകുന്ന മറ്റ് സാമ്പത്തിക ബാധ്യതകൾക്ക് സഹായം നൽകുന്നതിനോ ഈ പദ്ധതിയിൽ വ്യവസ്ഥയില്ല. |

- വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തതും തൊഴിൽ വിസയിൽ വിദേശത്ത് പോയതും ഗൾഫ് രാജ്യങ്ങളിൽ മുൻപ് യാതൊരുവിധ കുറ്റകൃത്യങ്ങളിലും ഏർപ്പെട്ടിട്ടില്ലാത്തതുമായ പ്രവാസി മലയാളികൾക്കാണ് പ്രസ്തുത പദ്ധതിയിൻകീഴിൽ സഹായം ലഭ്യമാകുന്നത്. ധനസഹായം എംബസി എംപാനൽ ചെയ്തിട്ടുള്ള അഡ്വക്കേറ്റുമാരുടെ ഫീസ് നൽകുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ രണ്ട് ലക്ഷം രൂപയോ ഏതാണ് കുറവ് അതായിരിക്കും എന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു.

- സന്ദർശക വിസ, ഹജ്ജ്,ഉംറ വിസ തുടങ്ങിയവയിൽ വിദേശത്ത് പോയവർ ഈ പദ്ധതിയുടെ സഹായത്തിന് അർഹരല്ല.

- പ്രവാസികൾക്കിടയിൽ നിയമ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നോർക്ക വകുപ്പിന്റെ പദ്ധതി നിർവ്വഹണ ഏജൻസിയായ നോർക്ക റൂട്ട്സ് മുഖേനയാണ് നടപ്പിലാക്കുന്നത്. നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ, നയതന്ത്രകാര്യാലയങ്ങൾ നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ഡി) പദ്ധതി നടത്തിപ്പിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിബന്ധനകൾ പ്രകാരം സഹായത്തിന് അപേക്ഷിക്കാനുള്ള അപേക്ഷാ ഫാറത്തിന്റെ മാതൃക നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രവാസി സംഘടനകളെ ഈ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് അവരെ സംബന്ധിച്ച വിവരങ്ങളും നയതന്ത്രകാര്യാലയങ്ങൾ അംഗീകരിച്ച നിയമവിദഗ്ധരുടെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ